©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 സെപ്റ്റംബർ 18<br>18th September 2018<br>1194 കന്നി 2<br>2nd Kanni 1194<br>1940 ഭാദ്രം 27<br>27th Bhadra 1940 | നമ്പർ<br>No. | 37 |

# PART III

# Health Services Department

<u>ദർഘാസ് പരസ്യം</u>

നമ്പർ സി1-5077/2016/ഗവ.റ്റി.ഡി.എം.സി.എച്ച്.എ.

2018 ആഗസ്റ്റ് 23.

ആലപ്പുഴ, ഗവ. റ്റി. ഡി. മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഉപയോഗശൂന്യമായ ആശുപത്രി ഉപകരണങ്ങൾ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ ദർഘാസ്/പരസ്യലേലം എന്നിവയിലൂടെ ആശുപത്രിയിൽ നിന്നും ഒഴിവാക്കുവാൻ തീരുമാനിച്ചിരിക്കുന്നു. താൽപ്പര്യമുള്ളവരിൽനിന്നും സീൽ വച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസിന്റെ ഉദ്ദേശമൂല്യം ` 2,94,665.

ദർഘാസ് കവറിനുപുറത്ത് ദർഘാസ് നമ്പർ സി1/5077/2016/ഗവ. റ്റി. ഡി. എം. സി. എച്ച്. എ. തീയതി 23-8-2018 എന്ന് രേഖപ്പെടുത്തി, സൂപ്രണ്ട്, ഗവ. റ്റി.ഡി. മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ എന്ന് രേഖപ്പെടുത്തി 29-9-2018 പകൽ 1 മണിക്ക് മുമ്പായി ആശുപത്രി സൂപ്രണ്ട് ആഫീസിൽ എത്തിക്കേണ്ടതാണ്. താമസിച്ചു ലഭിക്കുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ദർഘാസുകൾ 29-9-2018 പകൽ 3 മണിക്ക് പരസ്യലേലത്തിനുശേഷം ദർഘാസുകാരുടെയോ, അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

ദർഘാസ് ഫോറം ആവശ്യമുള്ളവർ അതിന്റെ വിലയായ ` 600-ം ജി. എസ്. റ്റി. യും, ഡ്യൂപ്ലിക്കേറ്റ് ഒന്നിന് ` 300-ം ജി. എസ്. റ്റി. യും, അടച്ച് 28-9-2018 പകൽ 3 മണിക്ക് മുമ്പായി വാങ്ങേണ്ടതാണ്. ദർഘാസിനോടൊപ്പം ` 200-ന്റെ മുദ്രപത്രത്തിൽ കരാർ എഴുതി തരേണ്ടതും മൊത്തം വിലയുടെ 1% നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്.

ക്വട്ടേഷൻ സമർപ്പിച്ചവർക്കും ആദ്യം നടക്കുന്ന പരസ്യ ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. പരസ്യലേലത്തിൽ വരുന്ന ഉയർന്ന തുകയും, ക്വട്ടേഷനിൽ കാണിക്കുന്ന ഉയർന്ന തുകയും കണക്കിലെടുത്ത് ഏറ്റവും കൂടിയ തുകയ്ക്ക് ലേലം/ദർഘാസ് ഗവ. റ്റി.ഡി. മെഡിക്കൽ കോളേജ് പ്രിൻസിപ്പാളുടെ അനുമതിക്ക് വിധേയമായി ഉറപ്പിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ` 15,000 (പതിനയ്യായിരം രൂപ മാത്രം) കെട്ടിവയ്ക്കേണ്ടതാണ്. കൂടിയ തുക വിളിക്കുന്നവരുടെ കെട്ടിവച്ച തുക ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി സാധനങ്ങൾ നീക്കം ചെയ്യുവാൻ ഉത്തരവ് നൽകിയ ശേഷമേ തിരികെ നൽകുകയോ അടയ്ക്കുവാനുള്ള തുകയിൽ വരവ് വയ്ക്കുകയോ ചെയ്യുകയുള്ളൂ. ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ചാൽ അന്നേദിവസം തന്നെ ജി. എസ്. റ്റി. 18% വരുമാന നികുതി ഉൾപ്പെടെ മുഴുവൻ തുകയും ഒടുക്കേണ്ടതാണ്. കൂടാതെ അനുമതി ഉത്തരവ് ലഭിച്ചുകഴിഞ്ഞാൽ 7 ദിവസത്തിനകം ലേലം/ദർഘാസ് പിടിച്ച സ്ഥാപനം/വ്യക്തി സ്വന്തം ചെലവിൽ

ടി ഇനങ്ങൾ നീക്കംചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ലേലം/ദർഘാസ് നടപടികൾ അസാധുവാകുന്നതും, കെട്ടിവച്ച തുക സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതുമായിരിക്കും. ഏതെങ്കിലും കാരണവശാൽ 29-9-2018-ൽ ഹർത്താലോ പണിമുടക്കോ, അപ്രതീക്ഷിത അവധികളോ ആയാൽ അടുത്ത പ്രവർത്തി ദിവസം ലേലം/ദർഘാസ് നടപടികൾ നടത്തുന്നതായിരിക്കും. ദർഘാസ്/ലേലം നടപടികളിൽ പങ്കെടുക്കുന്നതിനായ് ആധാർ കാർഡിന്റെയും പാൻകാർഡിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്. അല്ലാത്ത ദർഘാസ്/ലേലം നിരുപാധികം നിരസിക്കുന്നതാണ്. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11 മണിമുതൽ ഉച്ചയ്ക്ക് 3 മണിവരെ ലേലത്തിൽ വെച്ചിരിക്കുന്ന സാധനങ്ങൾ പരിശോധിക്കാവുന്നതാണ്. ദർഘാസ്/ലേലം സംബന്ധിച്ചുള്ള അന്തിമ തീരുമാനം എടുക്കുന്നതിനുള്ള പൂർണ്ണ അവകാശം ആലപ്പുഴ ഗവ. റ്റി. ഡി. മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

എല്ലാ ദർഘാസുകൾക്കും ബാധകമായ നിയമങ്ങൾ ഇതിനും ബാധകമാണ്.

കൂടുതൽ വിവരങ്ങൽ ബന്ധപ്പെട്ട ആശുപത്രി അധികാരികളിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്. ഏതെങ്കിലും ലേലം/ദർഘാസ് നിരസിക്കുന്നതിനോ സ്വീകരിക്കുന്നതിനോ ഉള്ള അധികാരം ആലപ്പുഴ ഗവ. റ്റി. ഡി. മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

No. C1-5077/2016/Govt. T.D.M.C.H.A.

*23rd August 2018.*

Sealed tenders in the prescribed format are invited for the Condemnation of unseviceable hospital equipments, furniture and electrical equipments of Govt. T. D. Medical College Hospital, Alappuzha. Estimated Cost is about ₹ 2,94,665.

Tender No. C1/5077/16/Govt. T. D. M. C. H. A., dated 23-8-2018 and due date should be superscribed on the envelope at each tender. Tender should be addressed to the Superintendent, Govt. T.D. Medical College Hospital, Alappuzha. Last date of receipt of tender is 29-9-2018 at 1 p.m. Late tender will not be accepted at any cost. The tender will be opened on 29-9-2018 at 3 p.m. in the presence of tenderers or their authorized representatives who may be present at the time. Intending tenderers may obtain the tender form from the office of the Superintendent, Govt. T.D. Medical College Hospital, Alappuzha on or before 28-9-2018 at 3 p.m.

Price of tender form:—

Original—₹ 600 + GST.

Duplicate—₹ 300 + GST.

The tenders should be accompanied by an agreement in Kerala Stamp Paper worth ₹ 200 and EMD 1% of the cost by way of Demand Draft addressed to the Superintendent, Govt. T. D. Medical College Hospital Alappuzha. The bidder should enclose attested copy of Aadhar Card and PAN card.

The rules applicable to all tenders will be applicable to this tender also. The tender not satisfying the conditions are liable to be rejected without further notice.

Any further information about the specification can be obtained from this office during office hours.

Government T. D.
Medical College Hospital,
Alappuzha.

(Sd.)
*Superintendent.*